# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3191 24-02-2016-ൽ മറുപടിയ്ക്ക്

## കാരുണ്യ ബനവലന്റ് സ്കീം

| | ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. വി. ശശി<br>ശ്രീ. ജി.എസ്. ജയലാൽ | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യബനവലന്റ് സ്കീം പ്രകാരം അനുമതി ലഭിച്ച അപേക്ഷകരിൽ എത്ര പേർക്കു ധനസഹായം നൽകുവാനായി ഈ സാമ്പത്തിക വർഷം ഇനി എത്ര തുക വേണ്ടിവരുമെന്ന് അറിയിക്കാമോ; | (എ) | അനുമതി ലഭിച്ച അപേക്ഷകരിൽ സർക്കാർ ആശുപത്രി തലത്തിൽ 49,382 അപേക്ഷകളും, സ്വകാര്യ ആശുപത്രികളുടെ 1973 അപേക്ഷകളും, റീഇംബേഴ്സ്മെന്റ് ഇനത്തിൽ 565 അപേക്ഷകളും, പ്രത്യേകാനുമതി പ്രകാരമുള്ള 378 അപേക്ഷകളിലും തുക അനുവദിക്കാനുണ്ട്.<br>അപേക്ഷകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. പരിശോധന തീരുന്ന മുറയ്ക്ക് മാത്രമേ ഓരോ ഇനത്തിനും എത്രതുക വേണ്ടിവരുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളു. |
| (ബി) | കാരുണ്യ പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളും ഡയാലിസിസ് സെന്ററുകളും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കാരുണ്യ പദ്ധതിയിൽ 75 സ്വകാര്യ ആശുപത്രികളും 29 ഡയാലിസിസ് സെന്ററുകളും അക്രഡിറ്റ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആശുപത്രികൾ നൽകുന്ന ക്ലെയിം റിപ്പോർട്ടുകൾ പരിശോധന നടത്തി തുക അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തു നടപടികൾ സ്വീകരിക്കും; | (സി) | ഉണ്ട്. കുടിശ്ശിക എത്രയും വേഗം തീർക്കുന്നതിനായി ജനുവരി 2016 മുതൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നിന്നും പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയുടെ കാരുണ്യ ടിക്കറ്റുകൾ വിറ്റഴിഞ്ഞു; ഇതിൽ ബനവലന്റ് ഫണ്ടിലേയ്ക്ക് മാറ്റിയ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | 2014-15 സാമ്പത്തിക വർഷത്തിൽ കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള വിറ്റുവരവ് 1377,20,15,500/- (**ആയിരത്തി മുന്നൂറ്റി എഴുപത്തിയേഴ് കോടി ഇരുപത് ലക്ഷത്തി പതിനഞ്ചായിരത്തി അഞ്ഞൂറ്** രൂപയാണ്. കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ വിറ്റുവരവിൽനിന്നും ചെലവ് കഴിഞ്ഞുള്ള അറ്റാദായമാണ് കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറുന്നത്. ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**